(ബി) മെറിറ്റിൽ എത്ര പേർക്ക് നിയമനം നൽകി; റിസർവേഷൻ മുഖാന്തിരം ഓരോ വിഭാഗത്തിലും എത്രപേരെ നിയമിച്ചുവെന്ന് വെളിപ്പെടുത്താമോ;

(സി) കൊല്ലം ജില്ലയിൽ എൽ.പി./യു.പി. അസിസ്റ്റന്റ് തസ്തികയിലേക്ക് പുതുതായി എത്ര വേക്കൻസികൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; റിപ്പോർട്ട് ചെയ്ത വേക്കൻസികൾ നികത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പി. എസ്. സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. 10-12-2004-ൽ.

(ബി) ടി ലിസ്റ്റ് പ്രകാരം ആകെ 483 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. മെറിറ്റ്-റിസർവേഷൻ മാനദണ്ഡങ്ങൾ പി. എസ്. സി. തലത്തിൽ തന്നെയാണ് പാലിക്കുന്നത്. നിയമനാധികാരിക്ക് ഇത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

(സി) നടപ്പ് അദ്ധ്യയന വർഷത്തിൽ കൊല്ലം ജില്ലയിൽ ആകെ 109 വേക്കൻസികൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റിപ്പോർട്ട് ചെയ്ത ടി 109 ഒഴിവുകളിലേക്കും നിയമനം നടത്തിയിട്ടുണ്ട്.

സംവരണ ഉദ്യോഗാർത്ഥികളുടെ അഡ്വൈസ് മെമ്മോയിൽ മെരിറ്റ്/സംവരണം എന്ന് രേഖപ്പെടുത്താൻ നടപടി

16 [3709] *ശ്രീ. ഡി. സുഗതൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി. മുഖേന നടത്തുന്ന നിയമനങ്ങളിൽ സംവരണ ഉദ്യോഗാർത്ഥികൾ റാങ്ക് ലിസ്റ്റിൽ മെരിറ്റിൽ വന്നാലും അവർക്ക് സംവരണ കാറ്റഗറിയിൽ ആണ് നിയമനം നൽകിയതെന്ന് കാണിക്കുന്നുവെന്ന ആരോപണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിക്കുവാൻ സംവരണ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുമ്പോൾ അഡ്വൈസ് മെമ്മോയിൽ ടി നിയമനം മെരിറ്റ്/സംവരണ വ്യവസ്ഥയിലാണോ എന്ന് വ്യക്തമായി രേഖപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) & (ബി) വിവരം പി. എസ്. സി. യിൽനിന്നും ശേഖരിച്ചു വരുന്നു.

GPM. 2/256/2012—10

LIBRARY ARCHIVES Kerala Legislative Assembly